**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3358** **25-10-2021 - ൽ മറുപടിയ്ക്ക്**

**പ്ലാന്റേഷന് നൽകിയ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ്–81 പ്രകാരം സംസ്ഥാനത്താകെ പ്ലാന്റേഷൻ ആവശ്യത്തിനായി എത്ര ഏക്കർ ഭൂമിക്ക് ഇളവ് നൽകിയിട്ടുണ്ട് ; അതിൽ ആകെ എത്ര ഏക്കർ പ്ലാന്റേഷൻ ഭൂമി തരംമാറ്റിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | കേരള ഭൂപരിഷ്കരണ നിയമം 1963ലെ 81 (1) (e) പ്രകാരം പ്ലാന്റേഷൻ ഭൂമിയെ ഭൂപരിധി നിയമത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഭൂപരിധി നിർണ്ണയിക്കുന്നതിന് കണക്കാക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് കൊണ്ട് ആദ്യകാലത്ത് താലൂക്ക് ലാന്റ് ബോർഡ് തീർപ്പാക്കിയ കേസുകളിലെ വകുപ്പ് 81 (1) പ്രകാരം ഇളവ് അനുവദിക്കപ്പെട്ട ഭൂമിയുടെ കണക്ക് സൂക്ഷിച്ചിട്ടില്ല. 81(1) വകുപ്പിൽ (a) മുതൽ (u) വരെയുള്ള വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഭൂമി 81(1)-)ാം വകുപ്പിൽ പ്രതിപാദിക്കാത്ത വിഭാഗത്തിലുള്ള ഭൂമിയാക്കിമാറ്റിയാൽ മാറ്റിയ അത്രയും ഭാഗം ഭൂമി , കൈവശക്കാരന്റെ ഭൂപരിധി നിർണ്ണയിക്കുന്നതിന് ഉൾപ്പെടുത്തണം എന്നാണ് 87-)ാം വകുപ്പ് വിശദീകരണം I, II എന്നിവയിൽ വ്യവസ്ഥ ചെയ്യുന്നത്. പ്ലാന്റേഷൻ ഉൾപ്പെടെ വിവിധ ഇനങ്ങളിൽ ഒഴിവാക്കിയ ഭൂമികൾ തരം മാറ്റിയത് സംബന്ധിച്ച് സംസ്ഥാനത്തെ വിവിധ ലാന്റ് ബോർഡുകളിൽ നിരവധി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെ കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | തരംമാറ്റിയ പ്രസ്തുത പ്ലാന്റേഷൻ ഭൂമിയിൽ എത്ര ഏക്കർ സർക്കാർ ഏറ്റെടുത്തു എന്നും അതിൽ എത്ര ഏക്കർ ഭൂരഹിതർക്ക് വിതരണം ചെയ്തു എന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (ബി) | ഈ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ